**CONSUMER GRIEVANCE REDRESSAL FORUM**
**KERALA STATE ELECTRICITY BOARD LTD- SOUTHERN REGION**
**VYDYUTHI BHAVANAM, KOTTARAKKARA**

---

Present: 1. Smt.Laila.N.G,Deputy Chief Engineer, Chairperson
2. Sri. Sanjeev Koshy,Executive Engineer, Member II
3. Sri.C.K.Harikumar,Advocate,Member III

Friday 07th March,2025

**OP No.68/2024**

Between

ഹർജിക്കാരി - ശ്രീമതി. ഏലിയാമ്മ വർഗ്ഗീസ്
കറുപ്പനാട്ട്, മാഞ്ഞൂർ.പി.ഒ
പിൻ -686603.

ആന്റ്

എതിർകക്ഷി: (1) ദി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
ഇലക്ട്രിക്കൽ സബ് ഡിവിഷൻ
എറ്റുമാനൂർ

(2) അസിസ്റ്റന്റ് എഞ്ചിനീയർ
ഇലക്ട്രിക്കൽ സെക്ഷൻ, കുറുപ്പന്തറ

**ഓർഡർ**

**1. പരാതിയുടെ ചുരുക്കം**

കോട്ടയം ജില്ലയിൽ കുറുപ്പന്തറ ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ വരുന്ന കാർഷിക വൈദ്യുതി കണക്ഷൻ 1146473006840 കൺസ്യൂമർ നമ്പറിന്റെ ഉപഭോക്താവായ ശ്രീമതി. ഏലിയാമ്മ വർഗ്ഗീസ് (പരേതനായ ശ്രീ.കെ.എം. വർഗ്ഗീസിന്റെ ഭാര്യ) ആണ് ഹർജിക്കാരി. ശ്രീ.കെ.എം. വർഗ്ഗീസിന്റെ മരണശേഷം വിൽ പത്രത്തിലൂടെയും ലീഗൽ ഹയർ സർട്ടിഫിക്കറ്റിലൂടെയും ഹർജിക്കാരിയുടെ ഉടമസ്ഥതയിൽ ലഭിച്ചിട്ടുള്ളതുമാകുന്നു. 2021 ഡിസംബർ വരെ മിനിമം ചാർജ് അടച്ച് ടി കണക്ഷൻ നിലനിർത്തിയിരുന്നു. എന്നാൽ 2021-ഡിസംബറിൽ മാഞ്ഞൂർ കൃഷി ഓഫീസറുടെ നേതൃത്വത്തിൽ ബലമായി ഈ കെട്ടിടവും വൈദ്യുതി കണക്ഷനും കൈവശപ്പെടുത്തുകയും വൈദ്യുതി ചാർജ് തങ്ങൾ

അടച്ചുകൊള്ളാമെന്നും രേഖാമൂലം ഹർജിക്കാരിയെ അറിയിച്ചിട്ടുള്ളതാകുന്നു . നിലവിൽ ഹർജിക്കാരിക്ക് ടി വൈദ്യുതികണക്ഷൻ ആവശ്യമില്ലാത്തതിനാൽ വൈദ്യുതികണക്ഷൻ വിഛേദിച്ച് സെക്യൂരിറ്റി തുക തിരികെ നൽകുവാൻ വേണ്ട ഉത്തരവ് ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട ഫോറം മുമ്പാകെ താഴ്മയായി അപേക്ഷിക്കുന്നു.

2. <u>എതിർകക്ഷിയുടെ വാദം</u>

ഹർജിക്കാരിയായ കൺസ്യൂമർ നമ്പർ 1146473006840 ആയിട്ടുള്ള ശ്രീമതി. ഏലിയാമ്മ വർഗ്ഗീസ് (പരേതനായ ശ്രീ.കെ.എം. വർഗ്ഗീസിന്റെ ഭാര്യ), കറുപ്പനാട്ട്, മാഞ്ഞൂർ എന്ന ഉപഭോക്താവിന്റെ പേരിൽ LT- 5A താരീഫിൽ 7560 വാട്ട്സ് കണക്ടഡ് ലോഡിൽ ഒരു ത്രീ പേസ് വൈദ്യുതികണക്ഷൻ കാർഷിക ആവശ്യത്തിന് നൽകിയിട്ടുള്ളതാകുന്നു. നിലവിൽ ടി കണക്ഷൻ 5648/-രൂപ വൈദ്യുതി തുക കുടിശ്ശിക ഉള്ളതാകുന്നു. ശ്രീ.വർഗ്ഗീസ് മരണപ്പെട്ടതിനാൽ അദ്ദേഹത്തിന്റെ ഭാര്യയായ ശ്രീമതി. ഏലിയാമ്മ വർഗ്ഗീസ് ടി വൈദ്യുതി കണക്ഷൻ വിച്ഛേദിച്ച് സെക്യൂരിറ്റി തുക തിരികെ നൽകണമെന്ന് ആവശ്യപ്പെട്ട് 23/08/2024 ൽ കുറുപ്പന്തറ സെക്ഷനിൽ അപേക്ഷ നൽകിയിരുന്നു. ടി കണക്ഷന്റെ വൈദ്യുതി ചാർജ് തുക 2021 ഡിസംബർ മുതൽ മാഞ്ഞൂർ കൃഷി ഭവനിൽ നിന്നും അടച്ച് കൊണ്ടിരിക്കുകയാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട് . ആയതിനാൽ ടി കണക്ഷൻ വിഛേദിക്കുന്നതുമായി ബന്ധപ്പെട്ട് മാഞ്ഞൂർ കൃഷി ഭവനിലേയ്ക്ക് കത്തയച്ചിരുന്നു. കൺസ്യൂമർ നമ്പർ 1146473006840 പൈങ്ങോട്ട് കുഴലിച്ചിറ പാടശേഖരത്തിന്റെ മോട്ടോർ പുരയ്ക്ക് ആയതിനാലാണ് കൃഷി ഭവൻ വൈദ്യുതി തുക അടയ്ക്കുന്നതെന്നു തരിശ്ശായി കിടന്നിരുന്ന പാടശേഖരത്തിൽ 2021-22 ***ൽ*** നെൽകൃഷി നടത്തിയിരുന്നതായും നിലവിൽ കൃഷി ഇല്ലാത്തതിനാൽ വൈദ്യുതി കണക്ഷൻ താൽക്കാലികമായി വിച്ഛേദിക്കുന്നതിൽ തടസ്സമില്ല എന്നും കൃഷി ചെയ്യുന്ന മുറയ്ക്ക് കണക്ഷൻ പുനസ്ഥാപിച്ച് നൽകണമെന്നും കൃഷിഭവനിൽ നിന്നും അറിയിച്ചിട്ടുണ്ട്. ടി പാടശേഖരത്തിന്റെ മോട്ടോർപുര 2002-2003, 2003-2004 സാമ്പത്തിക വർഷത്തിൽ കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് . ജനകീയ ആസൂത്രണ പദ്ധതിയിൽ പണികഴിപ്പിച്ചിട്ടുള്ള താണെന്നും അതിനാലാണ് ടി

കൺസ്യൂമർ നമ്പറിൽ വരുന്ന വൈദ്യുതി തുക കൃഷിഭവനിൽ നിന്നും അടച്ച് വരുന്നതെന്നും കൃഷിഭവനിൽ നിന്നും അറിയിച്ചിട്ടുണ്ട്. ടി കൺസ്യൂമർ നമ്പറിൽ വരുന്ന കറന്റ് ചാർജ് കുടിശ്ശിക തുക കൃഷി വകുപ്പിൽ നിന്നും ഫണ്ട് വരുന്ന മുറയ്ക്ക് അടയ്ക്കുന്നതാണെന്നും കൃഷിഭവൻ അറിയിച്ചിട്ടുണ്ട് . ടി പ്രിമിസിസ്സിൽ 26/04/2023 മുതൽ വൈദ്യുതി ഉപയോഗിക്കുന്നതായി കാണുന്നില്ല. ആയതിനാൽ മിനിമം ചാർജ് മാത്രമാണ് വൈദ്യുതി ബിൽ നൽകുന്നതെന്ന് ലൈസൻസി അറിയിക്കുന്നു. കൃഷിഭവനിൽ നിന്നും ടി കണക്ഷൻ അഴിച്ചെടുക്കുന്നതിന് എതിർപ്പ് അറിയിച്ചിട്ടുള്ളതിനാൽ ഹർജിക്കാരി ആവശ്യപ്പെട്ടതുപോലെ ടി കണക്ഷൻ ഡിസ്മാന്റിൽ ചെയ്യാൻ സാധ്യമാകുന്നതല്ലെന്ന് എതിർ കക്ഷി , പരാമർശിക്കുന്നു. മേൽപറഞ്ഞ വസ്തുതകളുടെ വെളിച്ചത്തില് ബഹു : ഫോറം പരാതി തള്ളി ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

<u>**പരാതിയുടെ വിശകലനവും കണ്ടെത്തലുകളും**</u>

31/01/2025 ന് ഈ കേസിലെ വിശദമായ വാദം കേൾക്കൽ സി.ജി.ആർ.എഫ് (സൌത്ത്) , കൊട്ടാരക്കര കോടതി ഹാളിൽ വച്ച് നടന്നു . ഹർജിക്കാരനും എതിർ കക്ഷിയും ഹാജരായി . ഇരുവരും വിചാരണ സമയത്ത് നടത്തിയ വാദ പ്രതിവാദങ്ങൾ വിശദമായി കേട്ടു.

ഹർജിയും ഫയലിലെ മറ്റു രേഖകളും എതിർ കക്ഷിയുടെ സത്യപ്രസ്താവനയും പരിശോധിച്ചതിൽ നിന്നും കൺസ്യൂമർനമ്പർ 1146473006840 വൈദ്യുതി കണക്ഷൻ ഹർജിക്കാരിയുടെ ഭർത്താവിന്റെ ഉടമസ്ഥതയിൽ ഉള്ളതാകുന്നു . ഭർത്താവിന്റെ മരണശേഷം ടി കണക്ഷൻ അദ്ദേഹത്തിന്റെ ഭാര്യയ്ക്കും മക്കൾക്കും അവകാശപ്പെട്ടതായി ബോധ്യപ്പെട്ടു . ടി കണക്ഷൻ ഡിസ്മാന്റിൽ ചെയ്യുവാനുള്ള അപേക്ഷ ഹർജിക്കാരി ഏറ്റുമാനൂർ സബ് ഡിവിഷന്റെ കീഴിൽ വരുന്ന കുറുപ്പന്തറ സെക്ഷനിൽ സമർപ്പിച്ചു . എന്നാൽ 5648/- രൂപ വൈദ്യുതി തുക കുടിശ്ശിക ഉള്ളതായി ബോധ്യപ്പെടുകയും ചെയ്തു. കാർഷിക കണക്ഷനായ 1146473006840 കുഴലിച്ചിറ പാടശേഖരത്തിന്റെ മോട്ടാർ പുരയുടെത് ആയതിനാൽ കൃഷി ഭവനാണ് ടി കണക്ഷന്റെ വൈദ്യുതി തുക അടയ്ക്കുന്നതെന്നും നിലവിൽ പാടശേഖരത്തിൽ കൃഷി ഇല്ലാത്ത സാഹചര്യത്തിൽ ടി കണക്ഷൻ താൽക്കാലികമായി

വിച്ഛേദിക്കുന്നതിന് പാടശേഖര സമിതി കെ.എസ്. ഇ.ബിയ്ക്ക് സമ്മതം നൽകിയിട്ടുള്ളതാണ്. ഹർജിക്കാരിക്ക് അവരുടെ പേരിലുള്ള കണക്ഷൻ വിച്ഛേദിക്കാൻ അപേക്ഷ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിച്ചതിൽ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ ആക്റ്റ് 145 (5) പ്രകാരം.

**145. Dismantling on the request of the consumer.-** (1) In case a consumer desires his service to be dismantled and the service connection agreement to be terminated, he shall apply for the same in the format specified in Annexure - 20 to the Code.

(2) The licensee shall give a written acknowledgment of receipt of such request, on the spot.

(3) The licensee shall, within ten days from receipt of the request, carry out a special reading and prepare a final bill including all arrears up to the date of such billing.

(4) The licensee may disconnect the supply of electricity immediately after the special reading is taken.

(5) On payment of all dues by the consumer, the licensee shall issue a No Dues Certificate and a receipt for the payment with the words 'Final Bill' stamped on it.

(6) Thereafter, the licensee shall not have any right to recover any charge for any period prior to the date of final bill.

(7) The licensee shall not raise any bill after dismantling.

ഹർജിക്കാരി കുടിശ്ശിക ഒടുക്കിയാൽ അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഡിസ്മാന്റിൽ ചെയ്യുവാൻ വേണ്ട നടപടി സ്വീകരിക്കാവുന്നതാണെന്ന നിഗമനത്തിലാണ് ഫോറം എത്തിച്ചേർന്നിരിക്കുന്നത്.

**<u>തീരുമാനം</u>**

വാദങ്ങളുടെയും വസ്തുതകളുടെയും നിജസ്ഥിതി പരിഗണിച്ച് ഫോറം ഈ പരാതി താഴെ പറയുന്ന പ്രകാരം തീർപ്പാക്കി ഉത്തരവായിരിക്കുന്നു.

1. ഹർജിക്കാരിയുടെ അപേക്ഷയിന്മേൽ കൺസ്യൂമർ നമ്പർ 1146473006840 ന്റെ വൈദ്യുതി കണക്ഷൻ കുടിശ്ശിക ഒടുക്കുന്ന മുറയ്ക്ക് നിയമപരമായ വ്യവസ്ഥകൾ പാലിച്ച് വിച്ഛേദിക്കാവുന്നതാണ്.

2. മറ്റ് ചിലവുകൾ ഒന്നും അംഗീകരിച്ചില്ല.

ഫോറത്തിന്റെ മേൽ ഉത്തരവിൽ സംതൃപ്തിയില്ലാത്ത പക്ഷം പരാതിക്കാരന് ആവശ്യമെങ്കിൽ ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാനിൽ പ്രശ്നപരിഹാരത്തിനായി സമീപിക്കാവുന്നതാണ്. ബഹുമാനപ്പെട്ട ഇലക്ട്രിസിറ്റി ഓംബുഡ്സ്മാൻ സമക്ഷം ഈ ഉത്തരവ് ലഭിച്ച് 30 ദിവസത്തിനകം താഴെക്കൊടുത്തിരിക്കുന്ന മേൽ വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്. *The State Electricity Ombudsman, D.H & Foreshore Road Junction, Near Gandhi Square, Ernakulam, Kerala – 682 016. Phone: 0484 2346488'.*

| | | |
|---|---|---|
| *Sd/-* | *Sd/-* | *Sd/-* |
| C.K.HARIKUMAR | SANJEEV KOSHI | LAILA.N.G |
| ADVOCATE<br>MEMBER III | EXECUTIVE ENGINEER<br>MEMBER II | DEPUTY CHIEF ENGINEER<br>CHAIRPERSON |

Forwarded

Sd/-

CHAIRPERSON
(DEPUTY CHIEF ENGINEER)

No: CGRF/KTR/OP No.68/2024-25/714 Dated : 07/03/2025

Delivered to:

1.ശ്രീമതി. ഏലിയാമ്മ വർഗ്ഗീസ് , കറുപ്പനാട്ട് , മാഞ്ഞൂർ.പി.ഒ പിൻ -686603.

2.ദി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ഏറ്റുമാന്നൂർ

3. അസിസ്റ്റന്റ് എഞ്ചിനീയർ , ഇലക്ട്രിക്കൽ സെക്ഷൻ, കുറുപ്പന്തറ.

Copy to:

1. ദി സെക്രട്ടറി കെ.എസ്.ഇ.ആർ.സി, കെ.പി.എഫ്. സി. ഭവനം , വെള്ളയമ്പലം,തിരുവനന്തപുരം.
2. ദി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ഇലക്ട്രിക്കൽ സർക്കിൾ,കോട്ടയം
3. ദി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, വൈക്കം.